"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ് - കാരവൻ ടൂറിസം- വികസനവും, വിപുലീകരണവും-വിവിധ പ്രവർത്തനങ്ങൾ- നോഡൽ ഓഫീസറായി അഡീഷണൽ ഡയറക്ടർ ജനറൽ ശ്രീ വിഷ്ണുരാജ് പി യെയും, ഏകോപനത്തിനും, മേൽനോട്ടത്തിനുമായി വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ശ്രീമതി ശിഖ സുരേന്ദ്രനെയും നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.353/2024/TSM തീയതി,തിരുവനന്തപുരം, 17-07-2024

---

പരാമർശം:- 08.10.2021 തീയതിയിലെ സ.ഉ(കൈ) നം 18/2021/ടൂറിസം

**ഉത്തരവ്**

പരാമർശം (1) പ്രകാരം സർക്കാർ കാരവാൻ ടൂറിസം നയം അംഗീകരിച്ചു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രധാനമായും, സ്വകാര്യ മേഖലയിൽ കാരവാൻ ടൂറിസത്തിന്റെ സമഗ്രമായ വികസനത്തിനും പ്രചാരണത്തിനും വേണ്ടതായ ഒരു ബൃഹത്തായ ചട്ടക്കൂട് ഒരുക്കുന്നതിനാണ് കാരവൻ ടൂറിസം നയം വിഭാവനം ചെയ്യപ്പെട്ടത്.

2. കാരവാൻ ടൂറിസത്തിന് വിനോദസഞ്ചാരികൾക്കും സംരംഭകർക്കുമിടയിൽ അർഹിച്ച പ്രാധാന്യവും, സ്വീകാര്യതയും, പ്രചാരവും ഉറപ്പാക്കാൻ വിനോദസഞ്ചാര വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള വിവിധ പ്രവർത്തനങ്ങൾക്കു നേതൃത്വം വഹിക്കുന്നതിനായി വിനോദസഞ്ചാര വകുപ്പ് അഡീഷണൽ ഡയറക്ടർ ജനറൽ ശ്രീ വിഷ്ണുരാജ്. പി -യെ നോഡൽ ഓഫീസറായി നിയമിച്ചുകൊണ്ടും കാരവൻ ടൂറിസത്തിന്റെ വികസനവും, വിപുലീകരണവും ലക്ഷ്യമിട്ടുള്ള എല്ലാ പ്രവർത്തനങ്ങളുടെ ഏകോപനത്തിനും, മേൽനോട്ടത്തിനുമായി വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ശ്രീമതി ശിഖ സുരേന്ദ്രനെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. കാരവാൻ ടൂറിസത്തിന്റെ വികനത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള എല്ലാ പ്രവർത്തനങ്ങളുടെയും പുരോഗതി വിലയിരുത്തുന്നതിനായി വിനോദസഞ്ചാര വകുപ്പ് ഡയറകട്ർ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തിക്കൊണ്ട്, എല്ലാ മാസവും അവലോകന യോഗം ചേരേണ്ടചേരേണ്ടതും ഇത് സംബന്ധിച്ച പുരോഗതി സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ശ്രീമതി ശിഖ സുരേന്ദ്രൻ, വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, പാർക്ക്

വ്യൂ, തിരുവനന്തപുരം

ശ്രീ. വിഷ്ണുരാജ് പി, അഡീഷണൽ ഡയറക്ടർ ജനറൽ, വിനോദസഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/ II) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Archana T
Date: 19-07-2024 11:07:34

സെക്ഷൻ ഓഫീസർ

പകർപ്പ്:- വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പി.എസ്-ന്

വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ-യ്ക്ക്

വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്